**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവമ്പാടി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് - ദുരിതാശ്വാസ നിധി രൂപീകരണം - അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2229**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 16.08.2012.

===

പരാമർശം:- 10.08.2012-ലെ തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

## ഉത്തരവ്

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ 06.08.2012-ാം തീയതി ഉണ്ടായ ഉരുൾപൊട്ടലിൽ 6 മനുഷ്യ ജീവനുകൾ നഷ്ടപ്പെടുകയും 1000-ത്തിൽ പരം ഹെക്ടർ കൃഷിഭൂമി നശിക്കുകയും 80-ൽ പരം വീടുകൾ തകരുകയും 122 കിലോമീറ്റർ റോഡുകൾ തകർന്നു പോകുകയും ചെയ്തിട്ടുണ്ട്. മേൽ പ്രദേശങ്ങളിലെ പുനരധിവാസത്തിനും പുനരുദ്ധാരണത്തിന് ഭീമമായ തുക ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ ആവശ്യങ്ങൾക്കായി തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ ഒരു പ്രത്യേക ദുരിതാശ്വാസ നിധി ആരംഭിക്കുവാനും, ആയതിനായി തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും, പ്രസിഡന്റിന്റെയും പേരിൽ എസ്.ബി.റ്റി. തിരുവമ്പാടി ബ്രാഞ്ചിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങുന്നതിനും സർക്കാർ അനുമതിയാണ് പരാമർശം ഒന്നിലെ കത്തിലൂടെ അപേക്ഷിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളെ സഹായിക്കുന്നതിന് വേണ്ടി ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. നിധിയുടെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് തുടങ്ങാവുന്നതുമാണെന്നു കാണുന്നതിനാൽ ടി **ദുരിതാശ്വാസനിധി ചട്ടങ്ങളുടെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നിധി രൂപീകരിക്കുകയും ചെലവഴിക്കുകയും ചെയ്യാവൂ എന്ന നിബന്ധനയോടെ** തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.